ഉത്തരം

(എ) 461542. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) എസ്.എസ്.എൽ.സി. (കേരള സിലബസ്) സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ., റ്റി.എച്ച്.എസ്.എൽ.സി. തുടങ്ങിയ സ്കീമുകളിൽ പരീക്ഷ വിജയിച്ചവർക്കും, മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും എസ്.എസ്.എൽ.സി.-ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള അവസരം ലഭ്യമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ഈ വർഷം 346995 സീറ്റുകൾ ലഭ്യമാണ്. ഇതിന് പുറമെ വി.എച്ച്.എസ്.ഇ., ഐ.റ്റി.ഐ./ഐ.റ്റി.സി., പോളിടെക്നിക്ക് എന്നിവിടങ്ങളിലും ഉപരിപഠനത്തിനായി സീറ്റുകൾ ലഭ്യമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്ലസ് വൺ സീറ്റുകൾ

53.(1071) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി ;

(ബി) സർക്കാർ, എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ പ്ലസ്വൺ സീറ്റുകൾ എത്ര എണ്ണമാണ് നിലവിലുള്ളത് ;

(സി) അൺഎയ്ഡഡ് മേഖലയിൽ കഴിഞ്ഞ വർഷം എത്ര കുട്ടികളാണ് പ്ലസ് വൺ പരീക്ഷ എഴുതിയത് ;

(ഡി) ഈ വർഷം സർക്കാർ, എയ്ഡഡ് മേഖലകളിൽ എത്ര പ്ലസ് വൺ സീറ്റുകളാണ് പുതുതായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 461542.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് 2015-16 അദ്ധ്യയന വർഷം പ്ലസ് വൺ-ന് സർക്കാർ മേഖലയിൽ 137150 സീറ്റുകളും എയ്ഡഡ് മേഖലയിൽ 154215 സീറ്റുകളും ലഭ്യമാണ്.

(സി) 2015 മാർച്ചിൽ അൺ എയ്ഡഡ് മേഖലയിൽനിന്നും 34,639 കുട്ടികൾ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയും 40,023 കുട്ടികൾ രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷയും എഴുതി.

(ഡി) ഈ വർഷം സർക്കാർ, എയ്ഡഡ് മേഖലയിൽ ഇനി പുതുതായി പ്ലസ് വൺ സീറ്റുകൾ അനുവദിക്കാൻ ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പുതിയ ഹയർസെക്കന്ററി സ്കൂളുകൾ

54 (1073) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞവർഷം സർക്കാർ, എയ്ഡഡ് , അൺ എയ്ഡഡ് മേഖലകളിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞ് കിടക്കവേ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) കുട്ടികളുടെ എണ്ണം, അടിസ്ഥാന സൗകര്യം തുടങ്ങിയവ പഠന വിധേയമാക്കാതെ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ തുടങ്ങിയാൽ ആയത് ഭാവിയിൽ സർക്കാരിന് വലിയ ബാധ്യതയാകുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഈ വർഷം ഇനി പുതുതായി ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly